(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം സഹായങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ള തെന്ന് വ്യക്തമാക്കുമോ;

(ഇ) ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് എന്താ ണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ വർഷം ഇതുവരെ സംസ്ഥാനത്തിന്റെ ഒരു ഭാഗത്തും വരൾച്ചയ്ക്കും, തന്മൂലമുള്ള കുടിവെള്ളക്ഷാമവും മറ്റു കെടുതികളും ഉണ്ടായ തായി റിപ്പോർട്ട് ലഭിച്ചിട്ടില്ല. എന്നാൽ വരൾച്ചയ്ക്കും കുടിവെള്ളക്ഷാമവും ഉണ്ടാവുകയാണെങ്കിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 18.2.2000-ലെ സർക്കുലർ പ്രകാരം എല്ലാ ജില്ലാകളക്ടർമാർക്കും നിർദ്ദേശ ങ്ങൾ നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരി ക്കുന്നു.*

(ബി) ഓരോ ജില്ലയിൽനിന്നും ആവശ്യപ്പെടുന്നതിനനുസരിച്ച് തുക അനുവദിക്കുന്നതാണ്.

(സി) ഇല്ല.

(ഡി)&(ഇ) മേൽ ഉത്തരം 'സി'യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദി ക്കുന്നില്ല.

84 (664) നിയോജകമണ്ഡലങ്ങൾക്ക് അനുവദിച്ച ഫ്ളഡ് റിലീഫ് ഫണ്ട് തുക

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 സാമ്പത്തിക വർഷത്തിലെ ഫ്ളഡ് റിലീഫ് ഫണ്ട് ഉപയോഗിച്ച് റോഡ് നന്നാക്കുന്നതിനും പാലങ്ങൾ നിർമ്മിക്കുന്നതിനുമായി ഓരോ നിയോജകമണ്ഡലത്തിനും എന്തു തുക വീതം അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഫ്ളഡ് റിലീഫ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽനിന്നും ഫണ്ട് അനുവ ദിക്കുന്നത് ജില്ലാടിസ്ഥാനത്തിലാണ്. 1999-2000 സാമ്പത്തിക വർഷത്തിൽ ഫ്ളഡ് റിലീഫ് ഫണ്ട് ഉപയോഗിച്ച് റോഡുകളും പാലങ്ങളും നന്നാക്കി ഉപ യോഗ യോഗ്യമാക്കുന്നതിന് ഓരോ ജില്ലയിലും ഇതുവരെ അനുവദിച്ച തുക യുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഫ്ളഡ് റിലീഫ് ഫണ്ട് ജനപ്രതിനിധികളുടെയും കളക്ടർമാരു ടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അനുവദിക്കുന്നത്. സർക്കാർ ഭര ണാനുമതി നൽകിയ പ്രവർത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ലഭ്യത അനു സരിച്ച് ഫണ്ട് അനുവദിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly